**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **12-02-2024 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നുകളുടെ വിതരണം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങളും മാർഗ്ഗങ്ങളും ഉപയോഗിച്ച് മയക്കുമരുന്നുകളുടെ വിതരണം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാട്സ് ആപ്പ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിനായി എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് ലഹരി വിതരണം നടത്തുന്നതായി സംശയിക്കപ്പെടുന്ന വ്യക്തികളുടെ യാത്രാ വിവരങ്ങൾ, സാമ്പത്തിക ഇടപാടുകൾ, ഫോൺ വിവരങ്ങൾ, ടവർ ലൊക്കേഷനുകൾ എന്നിവ ശേഖരിച്ച് എക്സൈസ് ഐ.ടി.സെൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ടെത്തുന്ന സംശയകരമായ വസ്തുക്കൾ DRUG DETECTION KIT ഉപയോഗിച്ച് പ്രാഥമിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സംശയിക്കപ്പെടുന്ന ആളുകളെ പരിശോധന KIT ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗം കണ്ടെത്തുന്നു. പ്രധാനപ്പെട്ട കേസുകളിൽ എക്സൈസ് ക്രൈം ബ്രാഞ്ച് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കുറ്റവാളികൾക്കെതിരെ പരമാവധി തെളിവുകൾ ശേഖരിച്ച് കുറ്റപത്രം സമർപ്പിച്ച് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | പുതിയ സാഹചര്യങ്ങളിൽ ലഹരിമരുന്ന് സംബന്ധിച്ച അന്വേഷണങ്ങൾ ഫലപ്രദമായി നടത്താനാകുംവിധം സംസ്ഥാന എക്സൈസ് വകുപ്പിനെ നവീകരിക്കാനും ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി എക്സൈസ് ക്രൈം ബ്രാഞ്ച് യൂണിറ്റ്, എക്സൈസ് ഇന്ററോഗേഷൻ റൂം, എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ, എക്സൈസ് സൈബർ സെൽ എന്നിവ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. DRUG |

| | | | |
|---|---|---|---|
| | | | DETECTION KITകളുടെ കാര്യക്ഷമമായ ഉപയോഗം വഴി കേസുകൾ കൂടുതൽ കുറ്റമറ്റതാക്കാനും അതുവഴി പ്രതികൾക്ക് തക്കതായ ശിക്ഷ വാങ്ങി നൽകാനും കഴിഞ്ഞിട്ടുണ്ട്. ലഹരി വില്പനക്കാരുടെ ടവർ ലൊക്കേഷൻ കണ്ടെത്തി അവരെ പിടികൂടുന്നതിനും, പിടിച്ചെടുത്ത മൊബൈലിൽ നിന്നും ലഹരി കൈമാറ്റം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും ഇൻസ്റ്റാഗ്രാം, ഫേസ് ബുക്ക് എന്നിവ വഴി നടക്കുന്ന ലഹരി വില്പന കണ്ടെത്തുന്നതിനും അന്വേഷണ ഉദ്യോഗസ്ഥർക്ക് കേസുകൾ ഫലപ്രദമായി അന്വേഷണം നടത്തുന്നതിനാവശ്യമായ വിവരങ്ങൾ നൽകുന്നതിനും എക്സൈസ് സൈബർ സെല്ലും ഐ.ടി. സെല്ലുകളും ക്രിയാത്മകമായി പ്രവർത്തിച്ചു വരുന്നു. |
| (സി) | പുതിയ കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനായി 1985-ലെ നർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 1985-ലെ നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിന്റെ ഷെഡ്യൂളിൽ പുതിയ മയക്കമരുന്നുകളുടെ പേര് ഉൾപ്പെടുത്തി, അളവുകൾ പരിഷ്കരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | മയക്കമരുന്നുകളുടെ നിയന്ത്രണത്തിനായി ശക്തമായ പോലീസ് നടപടികൾക്കൊപ്പം ജനകീയ നിരീക്ഷണവും ബോധവൽക്കരണവും കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിമുക്തി മിഷന്റെ കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, യുവജനസന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ലഹരി മുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ സ്കൂളുകളിലും ലഹരി വിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് സമൂഹത്തെ ഒന്നാകെ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിദ്യാലയത്തിന്റെയും ചുമതല ഒരു എക്സൈസ് ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. കോളേജ് തലത്തിൽ വിദ്യാർത്ഥികളിലെ ലഹരി |

| | | | |
|---|---|---|---|
| | | | ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ച് വരുന്നു. നേർക്കൂട്ടം /ശ്രദ്ധ കമ്മിറ്റികളുടെ സഹകരണത്തോടെ കോളേജുകളിൽ ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ചും ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട നിയമ പ്രശ്നങ്ങളെ കുറിച്ചും അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിന് 'ഉണർവ്വ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ "ലഹരിക്കെതിരെ കായികലഹരി" എന്ന മുദ്രാവാക്യത്തോടെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ വ്യാപകമാക്കുന്നതിന് എൻ.എസ്.എസ്/ എസ്.പി.സി/ എൻ.സി.സി തുടങ്ങിയ സംഘടനകളുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും, വിവിധ മത്സരങ്ങളും സംഘടിപ്പിച്ച് വരുന്നു.<br><br>കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ സംസ്ഥാനത്ത് ഭവന സന്ദർശനം നടത്തി ലഹരിക്കെതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന ലഘുലേഖകൾ വിതരണം ചെയ്തും, അയൽക്കൂട്ട യോഗങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ലഹരിക്കെതിരെ പ്രവർത്തിച്ച് വരുന്നു. ലഹരി വിരുദ്ധ പ്രചാരണം ലക്ഷ്യം വച്ചുള്ള സന്ദേശങ്ങൾ തയ്യാറാക്കി നവ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ